കേരളാ സ്റ്റേറ്റ് റിമോട്ട്സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ

50 (3240) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ എന്ന സ്വയം ഭരണ സ്ഥാപനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇതിന്റെ പ്രവർത്തന രീതി ഏതുതരത്തിലാണ് ; റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിക്കാൻ ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ടോ ; സാമൂഹ്യക പ്രശ്നങ്ങളെ അപഗ്രഥിച്ചുകൊണ്ടുള്ള ശാസ്ത്രീയ പ്രബന്ധങ്ങളോ റിപ്പോർട്ടുകളോ ഈ സ്ഥാപനത്തിന്റെ പേരിൽ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ളതായി അറിവുണ്ടോ ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിമോട്ട് സെൻസിംഗ് മദ്രാസ്, ആന്ധ്രാപ്രദേശ്, സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് സെന്റർ, ഹൈദ്രാബാദ്, കർണ്ണാടകാ സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് സെന്റർ എന്നിവയുമായി ഇതിന്റെ പ്രവർത്തനം താരതമ്യം ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇവിടുത്തെ സെന്ററിന്റെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കുമോ ;

(ഡി) ഇൻഫർമേഷൻ ടെക്നോളജിയുടെ ഈ യുഗത്തിൽ സാറ്റലൈറ്റ് ഉപയോഗിച്ചുള്ള സാങ്കേതിക പഠനത്തിനും പ്രകൃതിവിഭവ മാനേജ്മെന്റിനും വേണ്ടിയുള്ള ഈ സ്ഥാപനത്തിന്റെ പ്രാധാന്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ലക്ഷങ്ങൾ മുടക്കിയ കമ്പ്യൂട്ടറും മറ്റു സാങ്കേതിക ഉപകരണങ്ങളും യോഗ്യതയും പരിശീലനം ലഭിച്ചവരും ഉണ്ടായിട്ടും കമ്പ്യൂട്ടർ ആസ്പദമാക്കിയിട്ടുള്ള ശാസ്ത്രീയ ജോലികൾക്ക് മറ്റു സംസ്ഥാനങ്ങളിലെ പ്രൈവറ്റ് സ്ഥാപനങ്ങളെ ആശ്രയിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ; കഴിഞ്ഞ വർഷങ്ങളിൽ ഇത്തരത്തിൽ എത്ര രൂപയുടെ സാമ്പത്തിക ഇടപാടുകൾ നടത്തിയിട്ടുണ്ട് ;

(എഫ്) സ്ഥിര നിയമനങ്ങൾ നടത്തിയിട്ടില്ലാത്ത ഈ സ്ഥാപനത്തിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സാങ്കേതിക യോഗ്യതയും പ്രവൃത്തി പരിചയവുമുള്ള ജീവനക്കാരുടെ സേവനം സ്ഥിരമായി ഉപയോഗിക്കുന്നതിനു നടപടി സ്വീകരിക്കുമോ ;

(ജി) ഈ സ്ഥാപനത്തിന്റെ രൂപീകരണത്തിനു ശേഷം അഞ്ചുവർഷം കഴിഞ്ഞിട്ടും ഫണ്ട് നീക്കിവച്ചിട്ടും ഇത് പ്രത്യേക സ്വയംഭരണമുള്ള ഒരു സ്ഥാപനമായി (സ്വന്തമായി കെട്ടിടം, സ്റ്റാഫ് എന്നിവ) മാറാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂവിഭവങ്ങളുടെ ശാസ്ത്രീയ വിനിയോഗം ഉറപ്പുവരുത്തുന്നതിനു റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനം നടത്തുകയും മറ്റു സർക്കാർ സർക്കാരിതര സ്ഥാപനങ്ങളുടെ ഈ മേഖലയിലെ പ്രവർത്തനം ഏകോപിക്കുക തുടങ്ങിയവയാണ് ഈ സെന്ററിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഓഫ് സ്പേസിന്റെ കേരളവുമായി ബന്ധപ്പെട്ട വിവിധ പ്രോജക്ടുകൾ ഈ സെന്റർ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിക്കാൻ ഒരളവുവരെ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യ പ്രശ്നങ്ങളെ അപഗ്രഥിച്ചുകൊണ്ടുള്ള ചില റിപ്പോർട്ടുകൾ ഈ സെന്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക സംസ്ഥാനങ്ങളിലെ റിമോട്ട്സെൻസിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങളുമായി തുലനം ചെയ്യുമ്പോൾ പരിമിതമായ അടിസ്ഥാന സൗകര്യങ്ങളുപയോഗിച്ച് താരതമ്യേന മെച്ചപ്പെട്ട പ്രവർത്തനമാണ് ഈ സെന്റർ കാഴ്ചവെച്ചിട്ടുള്ളത്.

(ഡി) ഉണ്ട്

(ഇ) ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗപ്പെടുത്തുന്നതിനാണ് കംപ്യൂട്ടർ സംവിധാനം ഈ സെന്ററിൽ സ്ഥാപിച്ചിട്ടുള്ളത്. ഈ സിസ്റ്റത്തിൽ താഴെ പറയുന്ന ജോലിയുടെ ഘട്ടങ്ങൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ഡാറ്റാ ഇൻപുട്ട്
2. ഡേറ്റാ ബേസ് ഇന്റഗ്രേഷൻ
3. ഡാറ്റാ ക്വറീയിംഗ്
4. ഡേറ്റാ അനാലിസിസ്
5. മാപ്പു ജനറേഷൻ

ഇതിൽ ഡേറ്റാ ഇൻപുട്ട് എന്ന ഘടകത്തിന്റെ ഒരുഭാഗം മാത്രമാണ് കേന്ദ്ര സർക്കാരിന്റെ ബഹിരാകാശ വകുപ്പു അംഗീകരിച്ച് ഏജൻസിക്ക് കേന്ദ്ര സർക്കാർ തന്നെ അംഗീകരിച്ച നിരക്കുപ്രകാരം നല്കിയിട്ടുള്ളത്. ഇതുതന്നെ പുറത്തെ ഏജൻസിക്കു കൊടുക്കാൻ കാരണം കേന്ദ്ര ബഹിരാകാശ വകുപ്പിന്റെ ചില പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയാണ്. ഇതുവരെയായി ഈ ഇനത്തിൽ ഒരു ലക്ഷത്തി എൺപത്തി രണ്ടായിരത്തി അറുന്നൂറ്റി നാല്പത്തി എട്ട് രൂപ ചെലവായിയിട്ടുണ്ട്. മറ്റുള്ള നാലു പ്രധാന ഘടകങ്ങളും സെന്ററിലെ സാങ്കേതിക വിദഗ്ധർതന്നെയാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സമയബന്ധിതമായ ചില പ്രത്യേക പ്രോജക്ടുകൾ ചെയ്തു തീർക്കുന്നതിനുവേണ്ടി മാത്രമാണ് കരാറടിസ്ഥാനത്തിൽ ചിലരെ നിയമിക്കേണ്ടി വരുന്നത്. ഈ ജോലി സ്ഥിര സ്വഭാവമുള്ളവയല്ല. ഈ സെന്ററിന്റെ സർവീസ് റൂൾസ് പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നവരെ സ്ഥിരപ്പെടുത്തുവാൻ വ്യവസ്ഥകളുമില്ല.

(ജി) ഈ സ്ഥാപനത്തിന്റെ സർവ്വീസ് റൂൾസ് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥിരമായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി എടുക്കുന്നതാണ്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള വികാസ് ഭവനിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

ബോട്ടാണിക്കൽ ഗാർഡന് അനുവദിച്ച തുക

51 (3241) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയം സെന്റർ ഫോർ എക്സലൻസ് പദ്ധതിയിൽപ്പെടുത്തി ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ബി) ഈ പദ്ധതി പ്രകാരം അംഗീകരിച്ച ഇനങ്ങൾക്കായി അനുവദിച്ച തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) ഈ പരിപാടിയ്ക്ക് വേണ്ടി ഏത്രപേരെ നിയമിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 78.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി & സി) ദേശീയ അന്തർദേശീയ മാർക്കറ്റിൽ നിന്നും വാങ്ങേണ്ട വില പിടിപ്പുള്ള ഉപകരണങ്ങൾ നിർമ്മാണപ്രവർത്തനങ്ങൾ എന്നിവ ഒഴികെയുള്ള അംഗീകരിക്കപ്പെട്ട ഇനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനും കെട്ടിട നിർമ്മാണത്തിനും ഉള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ഡി) ഏഴ് പേരെ നിയമിച്ചിട്ടുണ്ട്.

ബാച്ചിലർ ബാരക്സ്

52 (3242) ശ്രീ. കെ. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ സായുധസേനാ വിഭാഗത്തിൽ നിർമ്മാണം പൂർത്തിയായ ബാച്ചിലർ ബാരക്സ് താമസത്തിന് വിട്ടുകൊടുക്കുവാൻ കാലതാമസം ഉണ്ടാവാനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) ഈ ബാരക്സ് എന്ന് താമസത്തിനായി വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly